LIBRARY ARCHIVES Kerala Legislative Assembly

അടുക്കള പച്ചക്കറിത്തോട്ടങ്ങൾ

151 (3356) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുക്കള പച്ചക്കറിത്തോട്ടങ്ങൾ വ്യാപകമാക്കുന്നതിന് പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) സബ്സിഡി ഇനത്തിൽ പച്ചക്കറിത്തോട്ടങ്ങൾ വീടുകളിൽ സ്ഥാപിക്കുന്നതിന് ചെയ്യുന്ന സഹായങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മട്ടുപ്പാവുകളിൽ കൃഷി ചെയ്യുന്നതിന് ഗ്രോബാഗ് വിതരണം, വിദ്യാർത്ഥികൾക്കും വീട്ടമ്മമാർക്കും, സ്കൂൾ, കൃഷി ഭവൻ, മാധ്യമങ്ങൾ, എൻ.ജി.ഒ. എന്നിവ വഴി പച്ചക്കറി വിത്ത് കിറ്റ് വിതരണം തുടങ്ങിയ ഘടകങ്ങൾ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ അടുക്കള പച്ചക്കറിത്തോട്ടങ്ങൾ വ്യാപകമാക്കുന്നതിനായി നടപ്പിലാക്കിവരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴി 'ഹരിതനഗരി ' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങളിൽ പച്ചക്കറി വിത്ത് കിറ്റ് സൗജന്യമായും 25 ഗ്രോബാഗുകളടങ്ങുന്ന 2000 രൂപ വിലയുള്ള യൂണിറ്റിന് 75 ശതമാനം (1500 രൂപ) സബ്സിഡി നിരക്കിൽ പച്ചക്കറിത്തോട്ടങ്ങൾ വീടുകളിൽ സ്ഥാപിക്കുന്നതിനും സഹായം നൽകിവരുന്നു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

152 (3357) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം. മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ജൈവ കാർഷിക ഉൽപ്പന്നങ്ങൾ ഏറ്റെടുക്കുന്നതിന് ഏതെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;